II ഇ.ബി. XIII കേരള നിയമസഭ/II-17

പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2011 ഒക്ടോബർ 24, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**68 (*511) കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർക്ക് പരിശീലനം**

ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ) നൽകിയ മറുപടിയിൽ, കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർക്ക് കാലാകാലങ്ങളിൽ ട്രെയിനിംഗ് നൽകുന്നുണ്ടെന്നും അവരുടെ ഡ്രൈവിംഗ് ന്യൂനതകൾ പരിഹരിക്കുന്നതിനായി ഡ്രൈവിംഗിൽ വിദഗ്ദ്ധരായവരെ തെരഞ്ഞെടുത്ത് പരിശീലനം നൽകി ട്രെയിനർമാരായി നിയമിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. നാമക്കലിലുള്ള അശോക് ലൈലാന്റ്, റ്റാറ്റ എന്നീ വാഹന നിർമ്മാതാക്കളുടെ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലും പൂനയിലുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റോഡ് ട്രാൻസ്പോർട്ട് എന്ന സ്ഥാപനത്തിലും ഡ്രൈവർമാർക്ക് പരിശീലനം നൽകുന്നതിനുള്ള കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. കൂടാതെ കോർപ്പറേഷന്റെ തിരുവനന്തപുരം, എറണാകുളം, എടപ്പാൾ എന്നിവിടങ്ങളിലെ പരിശീലന കേന്ദ്രങ്ങളിലും ഇവർക്ക് പരിശീലനം നൽകിവരുന്നുണ്ട്. പെട്രോളിയം കൺസർവേഷൻ

ആന്റ് റിസർച്ച് അസ്സോസിയേഷൻ (PCRA), നാഷണൽ ട്രാൻസ്പോർട്ടേഷൻ ആൻറ് റിസർച്ച് സെന്റർ (NATPAC), മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ്, ട്രാഫിക് പോലീസ്, സെൻട്രൽ ബോർഡ് ഓഫ് വർക്കേഴ്സ് എഡ്യൂക്കേഷൻ എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് തൊഴിൽപരമായ പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. സർവ്വീസിലുള്ളവർക്ക് ഇൻസർവ്വീസ് ട്രെയിനിംഗും അപകടങ്ങൾ വരുത്തുന്നവർക്ക് കറക്ടീവ് ട്രെയിനിംഗും നൽകുന്നുണ്ട്. ട്രാഫിക് നിയമങ്ങൾ പാലിക്കുന്നതിനും മെച്ചപ്പെട്ട ഡ്രൈവിംഗ് കൾച്ചർ ഡെവലപ് ചെയ്യുന്നതിനുമായി 2007-09 കാലഘട്ടങ്ങളിൽ സർവ്വീസിലുണ്ടായിരുന്ന മുഴുവൻ ഡ്രൈവർമാർക്കും ട്രെയിനിംഗ് നൽകിയിട്ടുണ്ട്. ജൻറം ലോ ഫ്ളോർ ബസ്സുകൾ ഓടിക്കുന്നതിന് പ്രത്യേക പരിശീലനം നൽകുന്നുണ്ട്. കെ.എസ്.ആർ.ടി.സി.ക്ക് മാത്രമായി ഒരു Training Research and Development Institute സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. അപകടങ്ങളിൽ ഉൾപ്പെടുന്ന ഡ്രൈവർമാരുടെ പേരിൽ ക്രിമിനൽ നടപടി സ്വീകരിക്കുന്നുണ്ട്. ഡ്രൈവിംഗിനിടെ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടിയെടുക്കുന്നതാണ്. കോർപ്പറേഷന്റെ ബസ്സുകൾ ഇൻഷർ ചെയ്യാതിരുന്ന കാലഘട്ടത്തിൽ അപകടത്തിൽപ്പെട്ടവർക്ക് കോടതി വിധിയനുസരിച്ചുള്ള കോമ്പൻസേഷൻ കെ.എസ്.ആർ.ടി.സി.യാണ് നൽകിയിരുന്നതെന്നും 2007 മുതൽ പുതുതായി രജിസ്റ്റർ ചെയ്യുന്ന മുഴുവൻ ബസ്സുകളും ന്യൂ ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് ഇൻഷ്വർ ചെയ്യുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. ഡ്രൈവർമാരുടെ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി. നിയമനം നടക്കുന്നതു

വരെ എം.പാനൽ ഡ്രൈവർമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എം.പാനൽ ഡ്രൈവർമാരുടെ ശമ്പളം 300 രൂപയായും മെക്കാനിക്കുകളുടെയും കണ്ടക്ടർമാരുടെയും ശമ്പളം 280 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. സി.എൽ.ആർ. വർക്കർമാരുടെയും സെക്യൂരിറ്റി ജീവനക്കാരുടെയും ശമ്പളത്തിൽ 50 രൂപയുടെ വർദ്ധനവ് വരുത്തുകയും കുടിശ്ശികയായിരുന്ന 14% ഡി.എ. അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ KMPL (Kilometre per litre) 4.3 വരെ എത്തിയിട്ടുണ്ടെന്നും റോഡുകളുടെ ശോചനീയാവസ്ഥ, വാഹനങ്ങളുടെ കാലപ്പഴക്കം, യാത്രക്കാരുടെ എണ്ണം, ഡ്രൈവിംഗ് സ്വഭാവം, സ്റ്റോപ്പുകളുടെ എണ്ണം മുതലായ ഘടകങ്ങളാണ് KMPL വർദ്ധിപ്പിക്കുന്നതിന് തടസ്സമായി നിൽക്കുന്നതെന്നും ഇത് 5 ആയി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണെന്നും മന്ത്രി വ്യക്തമാക്കി. ജീവനക്കാരെ വിശ്വാസത്തിലെടുത്തുകൊണ്ടു മാത്രമേ കെ.എസ്.ആർ.ടി.സി.-യെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുകയുള്ളൂവെന്നും ചാലക്കുടി ഡിപ്പോയിലെ ജീവനക്കാർക്കുള്ള റെസ്റ്റ് റൂമിന്റെയും ജോയിന്റ് ആർ.ടി.ഒ. ഓഫീസിന്റെയും ഉദ്ഘാടനത്തീയതി നിശ്ചയിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**69 (*512) <u>സ്വകാര്യമേഖലയിൽ പുതിയ ദന്തൽ കോളേജുകൾ</u>**

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) നൽകിയ മറുപടിയിൽ, സ്വകാര്യമേഖലയിൽ പുതുതായി ദന്തൽ കോളേജുകൾ ആരംഭിക്കുന്നതിന് സൺഷൈൻ എഡ്യൂക്കേഷണൽ ട്രസ്റ്റ് മലയാലപ്പുഴ (പത്തനംതിട്ട), തുഷാരഗിരി ചാരിറ്റബിൾ ട്രസ്റ്റ് കോഴിക്കോട്, ഗുരുദേവ

ചാരിറ്റബിൾ ട്രസ്റ്റ്, എറണാകുളം എന്നിവയ്ക്കും നിലവിലുള്ള സീറ്റുകളുടെ എണ്ണം അറുപതിൽനിന്നും നൂറ്റിപ്പത്തായി വർദ്ധിപ്പിക്കുന്നതിന് അമൃത സ്കൂൾ ഓഫ് ഡന്റിസ്ട്രി, കൊച്ചി എന്ന സ്ഥാപനത്തിനും എൻ.ഒ.സി. നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. നിലവിലുള്ള സീറ്റുകളുടെ എണ്ണം 40-ൽനിന്നും 100 ആയി വർദ്ധിപ്പിക്കുന്നതിന് ശ്രീശങ്കര എഡ്യുക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റ്, വർക്കല നൽകിയ അപേക്ഷയും പുതിയ ഡന്റൽ കോളേജ് തുടങ്ങാനായി ആഞ്ജനേയ മെഡിക്കൽ ട്രസ്റ്റ്, കോഴിക്കോട് നൽകിയ അപേക്ഷയും സർക്കാർ പരിശോധിച്ചുവരുന്നു. നിലവിൽ സർക്കാർ മേഖലയിൽ മൂന്നും സ്വകാര്യ മേഖലയിൽ പത്തൊമ്പതും ദന്തൽ കോളേജുകളുണ്ട്. ഇതിൽ പുഷ്പഗിരി ദന്തൽ കോളേജ് ഒഴികെയുള്ള കോളേജുകളെല്ലാം സർക്കാരുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ദന്തൽ കോളേജുകളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി സ്വകാര്യമേഖലയിൽ പുതിയ കോളേജുകൾ അനുവദിക്കുന്നതിലും നിലവിലുള്ളവയിൽ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലും നിയന്ത്രണം ഏർപ്പെടുത്തണമെന്നാണ് ഇന്ത്യൻ ഡന്റൽ കൗൺസിൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ മുതൽമുടക്കാൻ തയ്യാറുള്ളവർക്ക് പ്രോത്സാഹനം നൽകുന്നതോടൊപ്പം ദന്തൽ കൗൺസിൽ ഓഫ് ഇൻഡ്യ അനുശാസിക്കുന്ന സൗകര്യങ്ങൾ ഒരുക്കുകയും ആകെ സീറ്റിന്റെ 50 ശതമാനത്തിൽ സർക്കാർ ക്വാട്ടയിൽ നിന്നും അഡ്മിഷൻ നൽകുമെന്ന് കരാറുണ്ടാക്കുകയും ചെയ്യുന്ന സ്ഥാപനങ്ങൾക്ക് പുതിയ ദന്തൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകണമെന്നതാണ് സർക്കാർ നിലപാട്. നിബന്ധനകൾക്ക് വിധേയമായി ഇത്തരം സ്ഥാപനങ്ങൾക്ക് സർക്കാർ എൻ.ഒ.സി. നൽകുന്നതാണ്. ബി.പി.എൽ വിഭാഗത്തിലുള്ള കുട്ടികൾക്ക് 23,000 രൂപയും എസ്.ഇ.ബി.സി.-യിൽപ്പെട്ടവർക്ക് 44,000

രൂപയും എസ്.സി/എസ്.ടി. ഒഴികെയുള്ള മെറിറ്റ് സീറ്റുകൾക്ക് 1,10,000 രൂപയും മാനേജ്മെന്റ് സീറ്റുകൾക്ക് 3.5 ലക്ഷം രൂപയും എൻ.ആർ.ഐ സീറ്റിൽ 4 ലക്ഷം രൂപയുമാണ് സ്വകാര്യ സ്വാശ്രയ ദന്തൽ കോളേജുകളിൽ ഇപ്രാവശ്യം ഈടാക്കുന്ന ഫീസ് നിരക്ക്. നിലവിൽ മൂന്ന് സർക്കാർ ദന്തൽ കോളേജുകളിലും മൂന്ന് സ്വാശ്രയ ദന്തൽ കോളേജുകളിലും ഒരു ഡീംഡ് യൂണിവേഴ്സിറ്റിയിലുമായി ആകെ 129 എം.ഡി.എസ്. സീറ്റുകളുണ്ട്. റിട്ടയർ ചെയ്ത അദ്ധ്യാപകർക്ക് 70 വയസ്സുവരെ ഇത്തരം സ്ഥാപനങ്ങളിൽ പ്രവർത്തിക്കാവുന്നതാണ്. നിലവിലുള്ള സ്വാശ്രയ ദന്തൽ കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച് പരിശോധന നടത്താൻ ഡി.എം.ഇ.യുടെ നേതൃത്വത്തിലുള്ള പരിശോധനാ സംഘത്തിന് നിർദ്ദേശം നൽകുന്നതാണ്. പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തി ഡോക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുകയാണെന്നും സ്വാശ്രയ കോളേജുകളിലെ ജീവനക്കാർക്ക് ന്യായമായ ശമ്പളം ലഭ്യമാക്കുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിക്കു ന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**70 (*513) <u>മഴവെള്ളക്കൊയ്ത്ത്</u>**

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) നൽകിയ മറുപടിയിൽ, ഭൂജല വിതാനവും ഗുണനിലവാരവും ഉയർത്തുക, കിണറിലെ ജലവിതാനം താഴ്ന്നുപോകാതെ സൂക്ഷിക്കുക, ശുദ്ധജലം ലഭ്യമല്ലാത്ത സ്ഥല ങ്ങളിൽ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുക എന്നിവയാണ് മഴവെള്ള ക്കൊയ്ത്ത് വ്യാപിപ്പിക്കലും ഭൂഗർഭജല റീചാർജ്ജും പദ്ധതികൊണ്ട് ഉദ്ദേശി ക്കുന്നതെന്നും ഇതിന്റെ നോഡൽ ഏജൻസിയായി കേരള റൂറൽ വാട്ടർ

സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി (KRWSA) യെ നിയമിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. 'വർഷ' പദ്ധതികൾ എൻ.ജി.ഒ. മുഖേന കേരള വാട്ടർ അതോറിറ്റിയാണ് നടപ്പിലാക്കുന്നത്. ജലനിധിയുടെ ഒന്നാം ഘട്ടത്തിൽ 1013 കിണറുകളിൽ മഴവെള്ളം റീചാർജ്ജ് ചെയ്യുകയും 33 ഭൂഗർഭജല പരിപോഷണ നിർമ്മിതികളും 13304 മഴവെള്ള സംഭരണികളും നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. മഴകേന്ദ്രം സ്ഥാപിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുള്ള വിദ്യാലയങ്ങളിലും മറ്റ് സ്ഥാപനങ്ങളിലുമായി 611 സംഭരണികളുടെ നിർമ്മാണം പൂർത്തിയാക്കുകയും എം.ജി.പി.-യുടെ സാമ്പത്തിക സഹായത്തോടെ 62 പ്രധാന സർക്കാർ സ്ഥാപനങ്ങളിൽ മഴവെള്ള സംഭരണികൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2011-12 വർഷത്തിൽ ഈ പദ്ധതിക്കായി 5 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ടെന്നും KRWSA മഴകേന്ദ്രം വഴി നടപ്പാക്കുന്ന പദ്ധതികൾ 31-03-2012 -നുമുമ്പായി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. ചെറുകിട ജലവിതരണ പദ്ധതികളുടെ ജലസ്രോതസ്സിന്റെ സുരക്ഷയ്ക്കായുള്ള നടപടികൾ ഭൂഗർഭജല റീചാർജ്ജ് രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2011-12-ൽ കൃത്രിമ ഭൂജല സംപോഷണ പദ്ധതിക്കായി വകയിരുത്തിയ 50 ലക്ഷം രൂപ റീചാർജ്ജ് പിറ്റുകൾ (മഴക്കുഴികൾ), അടിയണകൾ, ഡഗ്ഗ് വെൽ റീചാർജ്ജ് തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെന്നും ഇതുവരെ 13.03 ലക്ഷം രൂപയ്ക്കുള്ള 15 പദ്ധതികൾ നടപ്പാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പ്രകൃതിദത്ത ജലസ്രോതസ്സുകൾ ശുചിയാക്കി സംരക്ഷിക്കുന്നതിനും കൂടുതൽ മഴവെള്ള സംഭരണികൾ നിർമ്മിക്കുന്നതിനും തടയണകൾ കെട്ടി മഴവെള്ളം സംരക്ഷിക്കുന്നതിനും

പ്രാധാന്യം കൊടുക്കുന്നതാണ്. പി.ടി.എ.കളുടെ സഹകരണത്തോടെ എല്ലാ സ്കൂളുകളിലും മഴവെള്ള സംഭരണി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പുതുതായി നിർമ്മിക്കുന്ന വീടുകളിൽ നിർബന്ധമായും മഴവെള്ള സംഭരണി നിർമ്മിക്കണമെന്നുള്ള നിയമം കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണെന്നും ജനകീയ പങ്കാളിത്തത്തോടുകൂടി മാത്രമേ മഴവെള്ള സംഭരണ കേന്ദ്രങ്ങൾ ശുചിയായി സൂക്ഷിക്കുവാൻ കഴിയുകയുള്ളൂവെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മഴക്കുഴികളുണ്ടാക്കുന്നതിനും എല്ലാ ബ്ലോക്കുകളിലും സംയോജിത നീർത്തട പദ്ധതി ആരംഭിക്കാനും ഉദ്ദേശിക്കുന്നുണ്ടെന്ന് ഉപചോദ്യത്തിലിടപെട്ടു കൊണ്ട് ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി അറിയിച്ചു.

**71 (*514) <u>ജലഗതാഗത വകുപ്പിന്റെ വെബ്സൈറ്റ്</u>**

ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ജലഗതാഗത വകുപ്പ് 08-02-2010-ൽ ആരംഭിച്ച വെബ്സൈറ്റ് കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് നാഷണൽ ഇൻഫർമാറ്റിക് സെന്റർ (എൻ.ഐ.സി) അധികൃതരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. വാട്ടർ ട്രാൻസ്പോർട്ടിന്റെ കീഴിലുള്ള 91 ബോട്ടുകളിൽ 54 എണ്ണം ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ട്. വിദേശ സഞ്ചാരികളെ ലക്ഷ്യമാക്കി കൊല്ലം-ആലപ്പുഴ റൂട്ടിൽ ആധുനിക സൗകര്യങ്ങളോടെ 75 പാസഞ്ചർ കപ്പാസിറ്റിയുള്ള രണ്ട് സ്റ്റീൽ ബോട്ടുകൾ സർവ്വീസ് നടത്തുകയും ദിനംപ്രതി 6059/- രൂപ ശരാശരി വരുമാനമുണ്ടാക്കുകയും 09-02-2010 മുതൽ 31-05-2011 വരെ 47.14 ലക്ഷം രൂപ ലഭിക്കുകയും ചെയ്തിട്ടുണ്ട്. തദ്ദേശീയ വിനോദ

സഞ്ചാരികളെ ലക്ഷ്യമിട്ട് 'സീ-കുട്ടനാട്' എന്ന പേരിൽ 90 പാസഞ്ചർ കപ്പാസിറ്റിയുള്ള അപ്പർ ഡെക്ക് സൗകര്യങ്ങളോടുകൂടിയ രണ്ട് ബോട്ടുകൾ ഉപയോഗിച്ച് പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പറശ്ശിനിക്കടവ് ബോട്ട് സർവ്വീസ് പുനരാരംഭിക്കുകയും കുട്ടനാട്ടിൽ ഒരു പുതിയ സർവ്വീസ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബോട്ടുകൾ ആധുനികവൽക്കരിച്ച് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. തേക്കടി ദുരന്തത്തെത്തുടർന്ന് നിലവിലുള്ള ഫൈബർ ബോട്ടുകളുടെ ഗുണനിലവാരം ഐ.ഐ.ടി., മദ്രാസ് പരിശോധിച്ച് ഉപയോഗയോഗ്യമല്ലെന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇവ തിരികെ എടുക്കണമെന്നും 3.69 കോടി രൂപ തിരികെ നൽകണമെന്നും കെ.എസ്.ഐ.എൻ.സി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ലാഭനഷ്ടം കണക്കാക്കാതെ സേവന മേഖലയായി കണക്കാക്കി റോഡ് ഗതാഗത സൗകര്യമില്ലാത്ത പ്രദേശങ്ങളിൽ ഗതാഗത സൗകര്യമൊരുക്കുക എന്നുള്ളതാണ് ജലഗതാഗത വകുപ്പിന്റെ ലക്ഷ്യമെന്നും ചരക്കുഗതാഗതത്തിനും ജനങ്ങൾക്ക് സഞ്ചരിക്കുന്നതിനും കഴിയുന്നതരത്തിൽ ഇന്റഗ്രേറ്റഡ് ട്രാൻസ്പോർട്ട് പോളിസി കൊണ്ടുവരുന്നതാണെന്നും ആധുനികവൽക്കരിച്ച ഡ്രൈ ഡോക്ക് നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

72 (*515) <u>സ്വകാര്യ സ്കാനിംഗ് സെന്റർ</u>

ആരോഗ്യവും കയറും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ആർ.എസ്.ബി.വൈ പദ്ധതിപ്രകാരം സ്വകാര്യ സ്കാനിംഗ് സെന്ററുകളുമായി ആശുപത്രികൾ ഉടമ്പടിയിൽ ഏർപ്പെടുകയും കുറഞ്ഞ തുകയ്ക്ക് സ്കാനിംഗ്

നടത്തുവാൻവേണ്ട സൗകര്യം ഒരുക്കുകയും ചെയ്തിട്ടുണ്ടെന്നും ആർ.എസ്. ബി.വൈ കാർഡുള്ള എല്ലാവർക്കും ഈ സൗജന്യം ലഭിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. പ്രധാനപ്പെട്ട ജില്ല / ജനറൽ ആശുപത്രികളിൽ സി.ടി. സ്കാനും ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികളിൽ അൾട്രാ സൗണ്ട് സ്കാനും നടത്താനുള്ള സൗകര്യങ്ങളും സ്ഥിരമായോ കരാർ അടിസ്ഥാനത്തിലോ റേഡിയോളജിസ്റ്റിന്റെ സേവനവും ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സ്വകാര്യ സ്കാൻ സെന്ററുകളിലേയ്ക്ക് രോഗികളെ അയച്ച് ഡോക്ടർമാർ കമ്മീഷൻ വാങ്ങുന്നത് തടയാനായി കോട്ടയം, തൃശ്ശൂർ, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ എച്ച്.എൽ.എൽ.-ന്റെ സഹായത്തോടെ എം.ആർ.ഐ. സ്കാൻ സെന്ററുകൾ ആരംഭിക്കുകയും ഈ സെന്ററുകളിൽ സ്കാനിംഗ് സൗകര്യം ലഭ്യമല്ലെങ്കിൽ മാത്രമേ പുറത്തുള്ള സ്കാനിംഗ് സെന്ററുകളിലേയ്ക്ക് റഫർ ചെയ്യാവൂ എന്ന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെയും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പി.എം.എസ്.എസ്.വൈ പദ്ധതി മുഖേനയും എം.ആർ.ഐ.സ്കാൻ സ്ഥാപിച്ചിട്ടുണ്ട്. പ്ലാൻ ഫണ്ട് വഴിയും 12-ാം ധനകാര്യ കമ്മീഷൻ പ്രൊപ്പോസൽ പ്രകാരവും സർക്കാർ ലാബുകൾ ആധുനികവൽക്കരിക്കാനും ശക്തിപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും സ്വകാര്യ ആശുപത്രികൾ, പരിശോധനാകേന്ദ്രങ്ങൾ എന്നിവയെ സർക്കാർ നിയന്ത്രണത്തിനു വിധേയമാക്കുന്നതിനായി രജിസ്ട്രേഷൻ, റെഗുലേഷൻ ആന്റ് അക്രഡിറ്റേഷൻ ബിൽ കൊണ്ടുവരുന്ന കാര്യം പരിഗണനയിലാണെന്നും മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 5003 മുതൽ 5286 വരെയുള്ള ചോദ്യങ്ങളിൽ 169 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)